LIBRARY ARCHIVES Kerala Legislative Assembly

വയനാട് മക്കിമലയിൽനിന്നും ഈട്ടിമരം മുറിച്ചുകടത്തിയെന്ന ആക്ഷേപം

126 (5208) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് മക്കിമലയിലെ ആദിവാസി കുടുംബങ്ങൾക്ക് പതിച്ച് നൽകാൻ തീരുമാനിച്ച ഭൂമിയിൽ നിന്ന് ഈട്ടിമരം മുറിച്ചു കടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് മക്കിമലയിൽ ഭൂമി പതിച്ചു നൽകാൻ തീരുമാനിച്ചിട്ടില്ല.

(ബി) ബാധകമല്ല.

റവന്യൂ പുറമ്പോക്ക് ഒഴിപ്പിക്കൽ

127 (5209) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ പുറമ്പോക്കുകൾ ഒഴിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന വ്യക്തമാക്കാമോ ;

(ബി) 1-7-2011 മുതൽ 30-6-2015 വരെ എത്ര അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട് ; ഇതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ ;

(സി) റവന്യൂ പുറമ്പോക്ക് ഒഴിയണം എന്നാവശ്യപ്പെട്ട് പാലക്കാട് ജില്ലയിൽ എത്രപേർക്ക് നോട്ടീസ് നൽകിയിട്ടുണ്ട് ; വില്ലേജടിസ്ഥാനത്തിലുള്ള വിശദാംശം നൽകാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്ര/സംസ്ഥാന കൈവശ ഭൂമി

128 (5210) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര/സംസ്ഥാന കൈവശ ഭൂമിയിലുള്ള സംസ്ഥാന സർക്കാർ വക ഭൂമി (റവന്യൂ പൊതുമരാമത്ത് ഭാഗങ്ങളിലെയും സംസ്ഥാന കേന്ദ്ര സർക്കാർ അധീനതയിലുള്ള വനഭൂമിയും അനധികൃതമായി കൃത്രിമരേഖകൾ ചമച്ച വ്യക്തികൾ/ സ്ഥാപനങ്ങൾ/ ആരാധനാ സ്ഥാപനങ്ങൾ എന്നിവയുടെ പേരിൽ അനധികൃതമായി കൈവശം വച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ബി) കേരള പിറവിക്കുശേഷം ഓരോ സർക്കാർ കാലയളവിലും എത്ര ഭൂമി വീതം സർക്കാരിലേക്ക് മുതൽക്കൂട്ടിയെന്നും വ്യക്തമാക്കുമോ ;

(സി) കയ്യേറ്റം ചെയ്യപ്പെട്ട ഭൂമിയിൽ സർക്കാർ എത്ര ഭൂമി കുത്തകപ്പാട്ട വ്യവസ്ഥപ്രകാരവും 1974-ലെ റീ-സർവ്വേ പ്രകാരവും വ്യക്തികൾ മറ്റുള്ളവർ എന്നിങ്ങനെ നൽകി എന്ന ജില്ല തിരിച്ച് വിശദാശം വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ സർക്കാർ കുത്തകപ്പാട്ടം നൽകിയ ഭൂമിയുടെ കുത്തകപ്പാട്ട വ്യവസ്ഥകൾ എന്തെല്ലാം; പാട്ടവ്യവസ്ഥയും പാട്ടത്തുകയും (നിരക്കുസഹിതം) എത്ര ; 2011 മുതൽ 2015 വരെ പ്രസ്തുത പാട്ടത്തുക ഓരോ വർഷം എത്ര ലഭിച്ചു ; എത്ര തുക പാട്ടക്കുടിശ്ശികയായി സർക്കാരിനു ലഭിക്കാനുണ്ട്; ഇവ പിരിച്ചെടുക്കാൻ ഓരോ ജില്ലയിലും എന്തു നടപടികൾ നടത്തിയിട്ടുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

പണയിൽക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി

129 (5211) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പണയിൽക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വർക്കല താലൂക്കിലെ ചെറുന്നിയൂർ വില്ലേജിലെ പണയിൽക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലം നെഗോഷിയബിൾ പർച്ചേസ് മുഖാന്തിരം വാങ്ങുന്നതിനായി ഡി.എൽ.പി.സി. സമർപ്പിച്ച ശിപാർശ 27-7-2015-ൽ കൂടിയ എസ്.എൽ.ഇ.സി. യോഗം അംഗീകരിച്ചിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുത്തുകഴിഞ്ഞാൽ പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly